# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

05.12.2014 - ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1700

## ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടി

**ചോദ്യം**

ശ്രീ.കെ.രാധാകൃഷ്ണൻ

**മറുപടി**

**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) ചേലക്കര മണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

സി) നാളികേര ബയോപാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

എ) ബി) & സി) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളീകേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28/02/2014-ൽ ബയോപാർക്കിന്റെ ഓഫീസ് കം ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.23/07/2014-ൽ ചേർന്ന അഗ്രി ബയോപാർക്ക്സ് സൊസൈറ്റി ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നാളീകേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ